"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

ആഭ്യന്തര വകുപ്പ്- ഹൈക്കോടതി ജീവനക്കാര്യം- 30.09.2024 ൽ സർവ്വീസിൽ നിന്നും വിരമിച്ച കേരള ഹൈക്കോടതിയിലെ പ്രോട്ടോക്കോൾ ഓഫീസർ ഇൻ-ചാർജ്ജായ ശ്രീ. ആർ. അശോകിന് 01.10.2024 മുതൽ രണ്ടു വർഷ കാലയളവിലേക്ക് കരാർ വ്യവസ്ഥയിൽ പുനർ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആഭ്യന്തര (സി) വകുപ്പ്

G.O.(Rt)No.2863/2024/HOME തീയതി,തിരുവനന്തപുരം, 05-10-2024

---

പരാമർശം:- ഹൈക്കോടതി രജിസ്ട്രാർ ജനറലിന്റെ 21.06.2024 തിയതിയിലെD.O.No.HCKL - 128/2024-A5 നമ്പർ അർദ്ധ ഔദ്യോഗിക കത്ത്.

## ഉത്തരവ്

കേരള ഹൈക്കോടതിയിലെ പ്രോട്ടോക്കോൾ ഓഫീസർ ഇൻ-ചാർജ് ആയ ശ്രീ. ആർ. അശോകിനെ 01.06.2024-ന് താൽക്കാലികാടിസ്ഥാനത്തിൽ ഹൈക്കോടതി ജോയിന്റ് രജിസ്ട്രാറായി സ്ഥാനക്കയറ്റം നൽകുകയും അതോടൊപ്പം ഹൈക്കോടതിയിലെ പ്രോട്ടോക്കോൾ ഓഫീസറുടെ പൂർണ്ണ അധിക ചുമതല നൽകുകയും ചെയ്തിരുന്നു. കേരളത്തിലെ ഹൈക്കോടതി ജഡ്ജിമാരുടെയും കേരളം സന്ദർശിച്ച സുപ്രീം കോടതി ജഡ്ജിമാരുടെയും കാര്യങ്ങൾ മികച്ച രീതിയിൽ ഏകോപിപ്പിക്കുകയും കൈകാര്യം ചെയ്യുകയും ഭരണപരമായ കാര്യങ്ങളിൽ ഹൈക്കോടതിക്ക് വിലപ്പെട്ട സേവനം നൽകി വരുകയും ചെയ്തുവരുന്ന ശ്രീ. അശോക് ആർ മികച്ച ഒരു ഓഫീസറാണെന്നും ആയതിനാൽ അദ്ദേഹത്തിന്റെ സേവനം ഹൈക്കോടതിക്ക് മുതൽക്കൂട്ടുമാണെന്നും ബഹു. ഹൈക്കോടതി ചീഫ് ജസ്റ്റിസ് അഭിപ്രായപ്പെടുകയും ആയയതിന്റെ അടിസ്ഥാനത്തിൽ ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 229-പ്രകാരവും 2007-ലെ കേരള ഹൈക്കോർട്ട് സർവ്വീസ് റൂൾസ്, റൂൾ 37(2) നോട് കേരള സർവ്വീസ് റൂൾസ് ഭാഗം 1, റൂൾ 60(എ) കൂട്ടിവായിച്ച പ്രകാരം ശ്രീ ആർ. അശോകിന്റെ സേവനകാലാവധി വിരമിക്കൽ തീയതി മുതൽ രണ്ടു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകുവാൻ പരാമർശത്തിലെ കത്ത് പ്രകാരം രജിസ്ട്രാർ ജനറൽ അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു.30.09.2024 -ന് സർവ്വീസിൽ നിന്നും വിരമിച്ച കേരള ഹൈക്കോടതിയിലെ പ്രോട്ടോക്കോൾ ഓഫീസർ ഇൻ-ചാർജ്ജായിരുന്ന ശ്രീ. ആർ. അശോകിന്, 01.10.2024 പ്രാബല്യത്തിൽ 2 വർഷ കാലയളവിലേക്ക് കരാർ വ്യവസ്ഥയിൽ പുനർനിയമനം നൽകി ഉത്തരവാകുന്നു.

3) ശ്രീ. ആർ. അശോകിന് സേവനത്തിലിരുന്നപ്പോൾ ലഭിച്ച ശമ്പളം സംരക്ഷിക്കുന്ന രീതിയിൽ കരാർ വേതനം നിശ്ചയിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BISHWANATH SINHA
ADDITIONAL CHIEF SECRETARY

പകർപ്പ്

രജിസ്ട്രാർ ജനറൽ, കേരള ഹൈക്കോടതി,എറണാകുളം( ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (E-2864677/EXP -D2/182/2024-FIN തീയതി 06.09.2024 പ്രകാരം)
പൊതുഭരണ(എസ്.സി) വകുപ്പ്( ഇനം 2418 തീയതി 03.10.2024)
വെബ്&ന്യൂ മീഡിയ , ഐ&പി. ആർ.ഡി( സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

Signed by
Sreekumar S
Date: 05-10-2024 10:32:3

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 03-10-2024

ഫയൽ നം. സി2/235/2024/ആഭ്യന്തരം. ഇനം നം: 2418

വിഷയം : ആഭ്യന്തര വകുപ്പ് - 30.09.2024-ൽ സർവ്വീസിൽ നിന്നും വിരമിക്കുന്ന കേരള ഹൈക്കോടതിയിലെ പ്രോട്ടോകോൾ ഓഫീസർ ഇൻ-ചാർജ്ജായ ശ്രീ. ആർ. അശോക്-ന്റെ സേവന കാലാവധി വിരമിക്കൽ തീയതി മുതൽ രണ്ടു വർഷത്തേയ്ക്ക് പുനർനിയമന വ്യവസ്ഥയിൽ ദീർഘിപ്പിച്ചു നൽകുന്നത്.

തീരുമാനം : 01.10.2024 പ്രാബല്യത്തിൽ കരാർ വ്യവസ്ഥയിൽ ആയിരിക്കും പുനർ നിയമനമെന്ന ഭേദഗതിയോടുകൂടി കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു. ശ്രീ. അശോകിന് സേവനത്തിലിരുന്നപ്പോൾ ലഭിച്ച ശമ്പളം സംരക്ഷിക്കുന്ന രീതിയിലായിരിക്കണം കരാർ വേതനം നിശ്ചയിക്കേണ്ടത്.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

Saradaly

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

2418

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | സി2/235/2024/ആഭ്യന്തരം |
| 2. | വകുപ്പ് | : | ആഭ്യന്തര (സി) വകുപ്പ് |
| 3. | വിഷയം | : | 30.09.2024 ൽ സർവ്വീസിൽ നിന്നും വിരമിക്കുന്ന കേരള ഹൈക്കോടതിയിലെ പ്രോട്ടോക്കോൾ ഓഫീസർ ഇൻ-ചാർജ്ജായ ശ്രീ. ആർ. അശോക്, ന്റെ സേവന കാലാവധി വിരമിക്കൽ തീയതി മുതൽ രണ്ടു വർഷത്തേക്ക് പുനർ നിയമന വ്യവസ്ഥയിൽ ദീർഘിപ്പിച്ചു നൽകുന്നത് സംബന്ധിച്ച് |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 16.09.2024 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യത ഉള്ളതാണോ?<br>(ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | അതെ<br>ഉണ്ട് |
| 6. | മറ്റ് ഏതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീ.ജി.ഐ. നവീൻ കൃഷ്ണൻ |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ.ബിശ്വനാഥ് സിൻഹ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 24.09.2024 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി. ശാരദ മുരളീധരൻ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 24.09.2024 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.പിണറായി വിജയൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി. | : | 24.09.2024 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 24.09.2024 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി. | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/കത്തിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

30.09.2024 -ന് സർവ്വീസിൽ നിന്നും വിരമിക്കുന്ന കേരള ഹൈക്കോടതിയിലെ പ്രോട്ടോക്കോൾ ഓഫീസർ ഇൻ-ചാർജ് ആയ ശ്രീ. ആർ. അശോകിന്റെ സേവനകാലയളവ് രണ്ട് വർഷത്തേക്ക് നീട്ടി നൽകണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള രജിസ്ട്രാർ ജനറലിന്റെ ശിപാർശയുമായി ബന്ധപ്പെട്ടതാണ് ഈ കുറിപ്പ്.

2) കേരള ഹൈക്കോടതിയിലെ പ്രോട്ടോക്കോൾ ഓഫീസർ ഇൻ-ചാർജ് ആയ ശ്രീ. ആർ. അശോകിനെ 01.06.2024-ന് താൽക്കാലികാടിസ്ഥാനത്തിൽ ഹൈക്കോടതി ജോയിൻ്റ് രജിസ്ട്രാറായി സ്ഥാനക്കയറ്റം നൽകുകയും ഹൈക്കോടതിയിലെ പ്രോട്ടോക്കോൾ ഓഫീസറുടെ പൂർണ്ണ അധിക ചുമതലയും നൽകുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ ഹൈക്കോടതി ജഡ്ജിമാരുടെയും കേരളം സന്ദർശിച്ച ബഹുമാനപ്പെട്ട സുപ്രീം കോടതി ജഡ്ജിമാരുടെയും കാര്യങ്ങൾ മികച്ച രീതിയിൽ ഏകോപിപ്പിക്കുകയും കൈകാര്യം ചെയ്യുകയും ഭരണപരമായ കാര്യങ്ങളിൽ ഹൈക്കോടതിക്ക് വിലപ്പെട്ട സേവനം നൽകി വരുന്നതുമായ ശ്രീ. അശോക് ആർ മികച്ച ഒരു ഓഫീസറാണെന്നും ആയതിനാൽ അദ്ദേഹത്തിന്റെ സേവനം ഹൈക്കോടതിക്ക് മുതൽക്കൂട്ടുമാണെന്നും ബഹു. ഹൈക്കോടതി ചീഫ് ജസ്റ്റിസ് അഭിപ്രായപ്പെട്ടു. ആയതിനാൽ ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 229-പ്രകാരവും 2007-ലെ കേരള ഹൈക്കോർട്ട് സർവ്വീസ് റൂൾസ്, റൂൾ 37(2) നോട് കേരള സർവ്വീസ് റൂൾസ് ഭാഗം 1, റൂൾ 60(എ) കൂട്ടിവായിച്ച പ്രകാരവും ശ്രീ ആർ. അശോകിന്റെ സേവനകാലാവധി വിരമിക്കൽ തീയതിയായ 30.09.2024-ന് ശേഷം, രണ്ട് വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകുവാൻ ബഹു. ഹൈക്കോടതി ചീഫ് ജസ്റ്റിസ് നിർദ്ദേശിച്ചു.

3) 2007-ലെ കേരള ഹൈക്കോർട്ട് സർവ്വീസ് റൂൾസ്, റൂൾ 37(2) നോട് കേരള സർവ്വീസ് റൂൾസ് ഭാഗം 1 റൂൾ 60(എ) കൂട്ടിവായിച്ച പ്രകാരം പൊതുതാൽപ്പര്യത്തിന്റെ അടിസ്ഥാനത്തിൽ ഒരു ഉദ്യോഗസ്ഥനെ വിരമിച്ച ശേഷം സർവീസിൽ നിലനിർത്താവുന്നതാണ്. കൂടാതെ ജോലിയിൽ നിന്ന് വിരമിക്കുന്ന ഒരു ഉദ്യോഗസ്ഥന്റെ സേവനം നിലനിർത്തേണ്ടത്

അനിവാര്യമാണെന്ന് കണ്ടെത്തുന്ന പക്ഷം കഴിയാവുന്നിടത്തോളം റിട്ടയർമെന്റിനു ശേഷം പുനർ നിയമനം മാത്രമേ അവലംബിക്കാൻ പാടുള്ളൂവെന്ന് കെ.എസ്.ആർ പാർട്ട് I റൂൾ 60(എ) നോട്ട്(3) ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

4) ഈ വിഷയത്തിന്മേൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായുകയും പ്രസ്തുത വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെടുകയും ചെയ്തു.

*"'Finance" agrees to extend the service of Sri.R. Ashok, Protocol Officer in-charge, High Court w.e.f from 01/10/2024 on re-employment basis for a term of two years subject to the provisions contained in Rule 37(2) of the Kerala High Court Service Rules, 2007 read with Rule 60(a) of Part I KSRs and also subject to the approval of Cabinet.*

*This has the approval of Hon'ble Minister (Finance)."*

5) പ്രസ്തുത വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

30.09.2024 -ന് സർവ്വീസിൽ നിന്നും വിരമിക്കുന്ന കേരള ഹൈക്കോടതിയിലെ പ്രോട്ടോക്കോൾ ഓഫീസർ ഇൻ-ചാർജ്ജുമായ ശ്രീ. ആർ. അശോകിന്റെ സേവനകാലയളവ് 2007-ലെ കേരള ഹൈക്കോർട്ട് സർവ്വീസ് റൂൾസ്, റൂൾ 37(2) നോട് കേരള സർവ്വീസ് റൂൾസ് ഭാഗം 1, റൂൾ 60(എ) കൂട്ടിവായിച്ച പ്രകാരവുമുള്ള വ്യവസ്ഥകൾക്കും വിജിലൻസ് ക്ലിയറൻസിനും വിധേയമായി 01.10.2024 മുതൽ 2 വർഷ കാലയളവിലേക്ക് പുനർ നിയമന വ്യവസ്ഥയിൽ ദീർഘിപ്പിച്ച് നൽകാമോ?